32D O52:1M77:24 G1 CHITRODAYAM PARAMESWARA IYER

133

133

MURUGAN BINDING WORKS
NO. 3. BOMMULU IYER STREET
ELEPHANTGATE, MADRAS-1

MADRAS UNIVERSITY
DEPARTMENTAL LIBRARIES.

DOCTRINA VIM PROMOVET INSITAM

Call Number 032:1M77:24 G1

Accession Number 89402

Section 32D

This book should be returned on or before the date last marked below.

ചിത്രോദയം

ഉള്ളൂർ.

32D
032:1M77: 24

ചിത്രോദയം.

റാവുസാഹിബ് ഉള്ളൂർ

എസ്. പരമേശ്വരയ്യർ

എം. ഏ., ബി. എൽ., എം. ആർ. ഏ. എസ്.

BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM, TRICHUR.

ബി. വി. ബുക്ക്ഡിപ്പോ

തിരുവനന്തപുരം.

1107.

[വില ണ· ന്നു.

3.MAR. 1
32.D
89402
032:1M77:24
G1

3. MAR 19

2 MAR 19

ചിത്രോദയം

I

PARAMESVA... TRIVAN... M.A

കൈതൊഴാം തൊഴാം ഞങ്ങൾ മാതാവേ! വഞ്ചിക്ഷോണി!
കൈതൊഴാം തൊഴാം ദേവി! കാരുണ്യസ്വരൂപിണി! വ
പാരിലെട്ടിങ്ങ് നാരിമാരൊക്കെയും തദ്രാജ്ഞിയാം
ഭാരതാംബതൻ മെയ്യിലർപ്പിക്കും പുകൾപ്പൂക്കൾ
ധന്യങ്ങളായീടുന്നു വിശ്രാന്തി കൈക്കൊൾകയാൽ
ത്വന്മലർക്കഴൽപ്പാട്ടിൽ -- തായതൻ തിരുമാറിൽ. ന്ന
പന്തിക്കപ്പുണ്യാവിയാം ഹസ്തിനി ഭവതിയാം
തൻ തുമ്പിക്കരത്തിനാലാഴിനീർ കോരിക്കോരി
സന്തതം വീഴിച്ചല്ലീ മുത്തണിജ്ജയോഷ്ണീഷം
ബന്ധിപ്പൂ സാർവക്ഷ്മാടൽ സമ്രാട്ടിൻ ശിരസ്സിങ്കൽ? ഫം

നാഗലോകത്തെത്തൊട്ടും സാഗരമൊരു കൈയാൽ;
നാകത്തോട്ടുരുമ്മിട്ടും സഹ്യാദ്രി മററെക്കെയാൽ;-
തന്മെയ്യോടൊപ്പം രണ്ടും ചേൎത്തണച്ചിള കൊള്ളു-
മമ്മയ്ക്കു തുല്യം പാൎത്താൽ താഴ്ചയുമുയൎച്ചയും. ൰൯

മൎത്ത്യൎതൻ മായാമോഹമായിട്ടും മായാപ്പങ്ക-
മദ്വൈതജ്ഞാനാമൃതം വൎഷിച്ചു കഴുകുവാൻ
തോലിട്ടോരുണ്ണിക്കംബ! സാധിച്ചിതവിട്ടത്തേ-
ക്കാലടി'പ്പാട്ടിൻ മേന്മ; നന്മുലപ്പാലിൻ വീൎയ്യം. ൰൨

നീളവേ പോൎവില്ലോരോ പാടത്തിൽ; കൊട്ടങ്കണ
ചോലയിൽ;പ്പടക്കൊടിയാററിലും നേടാം വേറെ;
വെന്നിടത്തർ മാതാവിൻെറ മാമല നല്കീട്ടല്ലീ
കണ്ടപ്പൻ മഹാരഥക്കഗ്ര്യനായ് ജ്ജയിക്കുന്നു? ൨൨

പ്രാൎത്ഥിച്ചാൽ തൃക്കാരിയൂർക്ഷേത്രത്തിലെത്താമെന്നു
വാഗ്ദത്തം ചെയ്തിട്ടുള്ള കാൎത്തവീൎയ്യാരാതിയിൽ
ഭീയൊടും മാതാവിനു സന്താപം വളൎത്താതെ-
യായിരം കരം കോലുമാദിത്യൻ ചരിക്കുന്നു. ൨൯

തന്നധീശനു ശുദ്ധി നല്കിന ഭവതിയിൽ
നന്ദിപൂണ്ടാനന്ദാശ്രു കാർനെടുങ്കണ്ണാൽത്തൂകി
മിക്കനാളിലും വാനമമ്മതൻ പൂമേനിയിൽ-
പ്പുൽക്കൊടിപ്പുതുക്കുളിർക്കോൾമയിർ പുലർത്തുന്നു. ൩൦

വേഴ്ചയിൽ സഹ്യൻ നല്കും വെള്ളിക്കാശുരുക്കിന
കാഴ്ചദ്രവ്യവുംകൊണ്ടു വന്നീടും പുഴകളെ
സ്ഥായിപൂണ്ടല്പം മുന്നിൽ ചെന്നു നിന്നെതിരേല്പൂ
കായൽപ്പേർ കൈക്കൊള്ളുന്ന കടലിൻ മരുമക്കൾ. ൩൧

ലോകമാതാവും വാണീദേവിയും ബ്രഹ്മാവിൻെറ
യാഗശാലയായൊരു മാതാവിന്നങ്കത്തിങ്കൽ
പണ്ടേയ്ക്കുപണ്ടേ ചെയ്ത സഖ്യത്തെ മാനിച്ചിന്നും
രണ്ടെന്ന ഭാവം വിട്ടു കൈകോൎത്തു കളിക്കുന്നു. ൯

ഓരോരോ തോപ്പിങ്കലുമമ്മയിൽത്തങ്ങിത്തിങ്ങും
കേരങ്ങൾ — ആരാമത്തെ സൎവൃക്ഷമതല്ലികൾ —
ശ്രീയാം തൽസ്വസാവിനു ജൈത്രയാത്രയിൽപ്പെട്ടു-
മായാസം പച്ചക്കുട പിടിച്ചു തീൎത്തീടുന്നു. ൧൦

കൈതൊഴാം തൊഴാം ഞങ്ങൾ മാതാവേ! വഞ്ചി
[ക്ഷോണി!
കൈതൊഴാം തൊഴാം ദേവി! കല്യാണപ്രദായിനി!
൧൧

II

വന്ദിക്കാം ഭ്രാതാക്കളേ! വന്ദിക്കാം കരം കൂപ്പി
വന്ദ്യങ്ങൾക്കെല്ലാം വന്ദ്യം വഞ്ചീന്ദ്രസിംഹാസനം. ൧൯

താൻ തുലോം സർവ്വപ്രജാസന്താന്തമാം ലോഹത്തിനെ-
ക്കാന്തമിക്ഷ്മാഭൃൽപീഠം കർഷണം ചെയ്തീടുന്നു.
ഈ യശഃകൈലാസത്തിന്നാധാരമചഞ്ചല,-
മീയോജസ്സുമേരുവിൻ മാഹാത്മ്യം സനാതനം. ൨൰

ഇബ് ഭദ്രാസനസ്ഥരാം മന്നർക്കു കൂടസ്ഥനായ്
നില്പവൻ കലാനിധി, രാജാവു, ഹിമകരൻ;
നാകത്തേക്കിന്ദ്രൻ വരാനർഹിക്കെത്തപംശജൻ
നാഹുഷൻ; ഞാൻ വാനാക്കുമെൻനാട്ടെന്നുരച്ചവൻ. ൨൧

അനന്തനീരാജ്യം കാക്കും മന്നവർ യശസ്സിനാൽ
മുന്നോരെ മുന്നോരെക്കാൾ മുൻപരാവതുമൂലം
വൃദ്ധിയിൽപ്പോലെ തന്നെ യോഗത്തിങ്കലുമവ-
ർക്കീട്ടററു യോജിക്കുന്നു കുലശേഖരപദം. ൧൨

ഇക്ഷിതിക്ഷിത്തുകൾക്കു പൂർവ്വഗനൊരു മഹാൻ
ദക്ഷിണാപഥത്തിനു ചക്രവർത്തിയായ്ത്തീർന്നോൻ
ചേലാളും തൽക്കീർത്തിയാൽ സൃഷ്ടിച്ചാൻ വിശാലമായ്-
പ്പാലാററിൻ പാർശ്വത്തിങ്കൽ മറ്റൊരു പാലാറ്റിനെ. ൰൨

ആശ്ചര്യം! പണ്ടേക്കാലമാംഗ്ലേയന്മാർ വെറും
വൈശ്യരായ് വാണീടിന നാളിലുമവരുമായ്
ശ്ലാഘ്യമാം സഖ്യമൊന്നു സമ്പൂർത്തത്തിൽച്ചെയ്താർ
ദീർഘദർശികളാകുമിന്നാട്ടിൽ പെരുമാക്കൾ. ൰൰

പാരം തൽകുലാദ്രിക്കു സിന്ദൂരതിലകമായ്
വീരമാർത്താണ്ഡാഭിധജ്യോതിസ്സു വിദ്യോതിക്കേ
ആചാരലാജാർച്ചനം സത്വരമനുഷ്ഠിച്ചാൻ
രാജോഡുക്കളെക്കൊണ്ടു ഭാർഗ്ഗവോർവ്വിയാം ദ്യോവും. ൧൦

ലന്തതന്നന്തസ്സാരം നിശ്ശേഷം പിഴിഞ്ഞെടു-
ത്തന്തമററാത്മീയൗജസ്സുജ്ജ്വലിപ്പിച്ചോരിവൻ
ഏകച്ഛത്രമാത്രം ശിരസ്സാനമിപ്പിച്ചാൻ — സാക്ഷാൽ
ലോകൈകശരണ്യനാം ശാർങ്ഗിതൻ തിരുമുൻപിൽ. ൧൧

പൂമകൾ പുൽകീടിലും മൂന്നടിത്തറയ്ക്കായി
വാമനീഭവിച്ചതന്നാഗന്തു തൃപ്തിപ്പെടാൻ
തൽപദത്തിൽ — വിണ്ണാററിൻെറയുത്ഭവസ്ഥലത്തിങ്കൽ —
ഇബ്ബലി സമർപ്പിച്ചാൻ തൻനേട്ടം സമസ്തവും. ൧൨

അമ്മഹാൻതൻ സ്വച്ഛസ്ത്രീയൻ ഭാരതീയെയ്യകസ്വത്താം
ധർമ്മത്തിൽ — പൂരുഷാർത്ഥമന്ദാരമൂലത്തിങ്കൽ —
തൽഭരം ന്യാസംചെയ്തു സർവ്വസിദ്ധിയും നേടി
നിർഭയം വിളങ്ങിനാൻ നിർവൃത്തജന്മോദ്ദേശ്യൻ. വ്വ

മഹിഷാധീശനു തന്മുന്നിലമ്മഹാത്മാവിൻ
മഹിഷി വഞ്ചിക്ഷോണി ദൃശ്യയായ്ക്കാണപ്പെട്ടു;
ഏവർക്കും ക്ഷേമം നൽകാൻ ശക്തമായ് നിവിത്താര-
ദ്ദേവൻ തൻ കൊററക്കുടപ്പാൽപ്പുൽകൾഗ്ഗോവർദ്ധനം. വ്സ

വന്ദിക്കാം ഭ്രാതാക്കളേ! വന്ദിക്കാം കരംകൂപ്പി-
പ്പുണ്യത്തെപ്പുലർത്തുമിപ്പൂജ്യമാം ഭദ്രാസനം. വ്വ

III

മങ്ഗളം മഹാപ്രഭോ! മങ്ഗളം ചിത്രാശ്രുകതി
ഞങ്ങൾക്കായ് പ്രസാദിച്ച മൌക്തികപ്രകാണ്ഡമേ!

ൻ൦

കൊല്ലമൊന്നല്ല മൂന്നായങ്ങയെക്കാത്തീവഞ്ചി
കല്യാണപ്പൂമാലയും കൈയ്യുമായ് നിലകൊൾവൂ;
ചേരുന്ന വിഭോ! ചെന്നിട്ടിവ്വസ്രക്കിന്നേട്ടിനം
ചാരുവാം ഭവൽകണ്ഠമൂലത്തിൽ—തൽസ്ഥാനത്തിൽ. ൯൮

അങ്ങയാൽ ചാത്തപ്പെട്ടുമത്യനർഘമാം തിരു-
മങ്ഗല്യം ധരിപ്പതീമങ്കതൻ മഹാഭാഗ്യം.
യജ്ഞത്തിന്നൊരുങ്ങുവിൻ! ഗാർഹസ്ഥ്യം ചരിക്കുവിൻ!
യജ്ഞേശൻ ലക്ഷ്മീപതി നിങ്ങൾക്കു നിത്യാതിഥി. ൯൯

യജ്ഞമൊന്നിളാനാഥക്ക്ന്യാത്ഥം സുഖത്യാഗം;
സജ്ജനപ്രീത്യപ്പണം സാരമാം ഗൃഹധമ്മം.
അപ്പരാദ്ധ്യാനുഷ്ഠാനപദ്ധതി യഥാകാല-
മിപ്പള്ളിക്കെട്ടിൻഫലം നൽകിട്ടും—പ്രജോദയം. ൧൦൦

കുലശേഖരന്മാൎക്കു കുലബലം നൽകുന്നപോൽ
കുലദൈവതങ്ങളാം ധൎമ്മവും ഗോവിന്ദനും.
ധൎമ്മം താൻ പത്മനാഭൻ; പത്മനാഭൻ താൻ ധൎമ്മം;
ധൎമ്മമെങ്ങങ്ങേ ജയം; ധൎമ്മവിഗ്രഹൻ ഹരി. ൧൩

അവന്തിക്കായിപ്പണ്ടു മധുരാപുരിവിട്ടു
ഭുവനാധീശൻ പോയീ പുരുഷൻ പുരാതനൻ
വാണിയെബ്ഭജിക്കുവാൻ; അമ്മട്ടിലവിട്ടുന്നും
സ്യാനന്ദൂരത്തെ വിട്ടു മഹിഷപുരത്തിങ്കൽ. ൧൪

കേരളീയനാമസ്മദാചാൎയ്യൻ പ്രതിഷ്ഠിച്ച
ശാരദാപീഠമിന്നുമന്നാട്ടിൽ വിളങ്ങുന്നു;
ആ ദേശം സ്പഷ്ടദൃഷ്ടമാനസ, നവാചീന-
വൈദേഹരാജൎഷിതൻ വാഴ്ച്ചെഴും വാസസ്ഥാനം. ൧൫

മൂന്നാംതമ്പുരാൻ
തൽസമാഖ്യനാം തൽപൂൎവ്വനൊരു മഹാൻ
വെന്നാൻപോലങ്ങുള്ളോരെപ്പോരാളികൈവാളിനാൽ;
സ്വന്തരന്ദമക്കുട്ടരെ വെന്നുപോല,ങ്ങിന്നാളും
ചക്ഷുസ്സാൽ — സ്മിതത്തിനാൽ — വാക്കിനാൽ — ഹൃദയ
[ത്താൽ. ൧൧൯

ക്ഷോണിയിൽപ്പലേടത്തും ഛിന്നമായ്ക്കിടക്കുന്ന
വാണിതൻ വരങ്ങളാം മൌക്തികരത്നങ്ങളെ
ശേമുഷീസൂത്രത്തിൽക്കോൎത്തവിട്ടന്നണിയുന്ന
കാമനീയകം വാച്ചും കണ്ഠത്തിലേകാവലി. ൧൨൨

അമ്മഹാസചിവനി വേൽറു മേല്ക്കുമേലവിട്ടത്തേ-
യമ്മയാം ശ്രീമൽസേതുപാൎവ്വതീമഹാരാജ്ഞി;
കേരളക്ഷിത്യംബെയ്ക്കു രോമാഞ്ചപ്രദായിനി;
ഭാരതസ്ത്രീലോകത്തിൻ ഭാവുകചിന്താമണി. ൧൨൩

ധീരയാമദ്ദേവിതൻ സംസ്കാരപൂതം ചിത്തം
ക്ഷീരസാഗരംപോലെ വിശദം വിശങ്കടം;
വിഭവം പലേമട്ടിലുലകിൻ നന്മയ്ക്കായി
വിബുധവൃന്ദം മേലിലങ്ങു നിന്നാശിക്കുന്നു. ൧൩൦

ഏവക്കും ഭാരത്തിനാൽ ചൂടുവാൻ ഭയം തോന്നു-
മീവഞ്ചിക്ഷിതീന്ദ്രർതൻ തൃക്കിരീടാലങ്കാരം
സാരസനാഭാങ്ഘ്രിയിൽ സാരജ്ഞൻ ഭവൽപൂർവ്വൻ
വീരമാർത്താണ്ഡദേവനർപ്പിച്ച പൊൽപൂവല്ലീ? ൧൩൧

മാധവൻ താങ്ങായ് നില്ക്കും ഭാവൽകവംശത്തിങ്ക-
ലേതിളന്തലയ്ക്കുമിപ്പൂമലർ ചുമടല്ല;
ചേലെഴും തൃക്കൈയേന്തും ചെങ്കോലുമവിടേയ്ക്കു
പീലിക്കെട്ടെന്നേവരും വിശ്വത്തെയാവർജ്ജിപ്പാൻ. ൧൩൨

അങ്ങേയ്ക്കിന്നേങ്ങും ലോകം ഹർഷാശ്രുഗംഗാംബുവാൽ
മംഗലാഭിഷേകത്തെ മാന്ദ്യംവിട്ടനുഷ്ഠിപ്പൂ;
ആനമച്ചടങ്ങല്ലീ നിർവഹിക്കുന്നു വീണ്ടും
പൌനരുക്ത്യത്തിൻ പരിപാടിയിൽ പുരോഹിതർ? ൨൰൪

മംഗളം മഹാത്മാവേ! വഞ്ചിഭൂമണ്ഡലവാവേ!
മംഗളം മഹാരാജമൌലിതൻമണിപ്പൂൺപേ!

IV

പ്രാർത്ഥിക്കാം നമുക്കെല്ലാം പ്രാർത്ഥിക്കാം ദൈവ
[ത്തോടി.
പ്പാർത്ഥിവപ്രവേകനു സർവ്വാഭീഷ്ടവും നല്കാൻ. ൨൰൫

ഭിന്നരല്ലല്ലോ മതജാതികൾമൂലം നാമീ-
മന്നൻതൻ പ്രജകളാം സോദരരേകോദരർ;
ശ്ലാഘ്യമാം രാജ്യസ്നേഹതന്തുവിൽ കോക്കപ്പെട്ട
പൂക്കൾ നാം, രാജഭക്തിവാസനയ്ക്കാവാസങ്ങൾ. ൧൩൦

നമ്മൾക്കും ഭാഗ്യത്തിനാൽ ചൈത്രത്തുദിക്കുന്നു;
നന്മയും താരാർമണത്തെത്തെന്നലുണർത്തുന്നു;
നാടെങ്ങും ജനങ്ങൾക്കിനൽറ്റപൂവു വിടരുന്നു;
നാടെല്ലാമാശാവല്ലി ചെന്തളിരണിയുന്നു; ൧൩൧

മെയ്യെങ്ങും പൊൻപൂമ്പൊടിക്കോപ്പണിഞ്ഞാടിപ്പാടി-
പ്പുഷ്യവേ പറക്കുന്നു പന്തിയിൽക്കാർവണ്ടുകൾ;
സാനന്ദം കുയിൽക്കുലം പ്രകൃതിപ്രതീക്ഷകൾ
ഗാനത്തിൽപ്പകർത്തുന്നു ഭാവനാഗതിക്കൊപ്പം. ൧൩൨

ലോകത്തിൻ തപശ്ചര്യാവല്ലിതൻ പരിപാക-
മേകമിച്ചൈത്രോത്സവം ഹൃദ്യങ്ങൾക്കെല്ലാം ഹൃദ്യം.
ഈക്കണിപ്പഴം നമുക്കേവർക്കും നിസ്സംശയം
ഭാഗ്യലക്ഷ്മിതൻ സ്വയംഗ്രാഹമാം പരിഷ്വംഗം. ൧൩൨

നോക്കുവിൻ! ബാല്യത്തോടും ഭോഗത്തെ ത്യജിച്ചൂഴി
കാക്കുവാൻ തുടങ്ങുമിക്കല്യാണധാമാവിനെ.
സ്വാർത്ഥത്തെ പ്രമാർജ്ജിപ്പാനല്ലയോ പതിക്കുന്നു
മൂർദ്ധാവിലിവിടേയ്ക്കു രാജ്യാഭിഷേകോദകം? ൧൩൩

കേവലം പരാർത്ഥമായല്ലയോ ജീവിക്കുന്നു
മാവേലിതൻ നാട്ടിലിപ്രഹ്ലാദൻ സ്വഭ്രപ്രിയൻ?
കേടററീ വിശ്വം കാക്കും കേവലാത്മാവിൻ നേർക്കു
കോടിയിൽക്കൂട്ടും കൈകൾ കോരകീഭവിക്കട്ടെ! ൧൩൪

ഇച്ഛിതാതാരോത്ഭവൻ ദേവനെപ്പാലിച്ചാലും
സച്ചിദാനന്ദമൂർത്തേ! സർവ്വലോകാന്തർയ്യാമിൻ!
അൻപതിൽപ്പരം ലക്ഷം സാധുക്കൾക്ഷേത്രത്തിലി-
ത്തമ്പുരാൻ വാഴ്വൂ — ഭവൽസന്നിധാനത്തിൽ —

[സ്വാമിൻ! ൧൱൭

ഞങ്ങൾതന്നാശാങ്കുരം സർവ്വം ചിത്രോത്ഭവ,-
മങ്ങതിന്നധിഷ്ഠാതാ,വക്ഷയപ്രാണപ്രദൻ.
ഈ വഞ്ചിയങ്ങേവഞ്ചി;യിന്നതിൻ നിയന്താവി-
ദ്ദേവൻ തൽദ്ദാസൻ; ഞങ്ങളേവരും യാത്രക്കാരർ. ൧൱൮

സേവ്യസേവകർ നിങ്ങൾ; ഞങ്ങളിൽ ഭവാനാര്
സേവ്യധർമ്മോപദേശം ചെയ്യുവാനധികാരി?
മേലും ഹാ! സർവ്വാതീതനങ്ങയെ പ്രാർത്ഥിക്കുവാൻ
കാലദേശാവസ്ഥരിന്നർ ഞങ്ങൾക്കു കഴിവുണ്ടോ? ൧൱൯

അയ്യരാരോഗ്യൈശപശ്വര്യങ്ങൾക്കോരോന്നിനു-
മാശയോടടുക്കുമ്പോളവ്യാപ്തിദോഷംവായ്പൂ.
എത്രമേൽ പൂൎവ്വക്ഷണം നേൎന്നാലുമതൊക്കെയു-
മുത്തരക്ഷണത്തിന്റെ ദൃഷ്ടിയിലപൎയ്യാപ്തം. ഫവ്വന

കരുണാംബുധേ! ഭവന്മണികളേതെല്ലാമെ-
ന്നറിവാനാകുന്നതില്ലലർമാതിനുപോലും.
അൎത്ഥിതൻ കൈക്കുമ്പിളിന്നാകൃതിയളന്നല്ല
വിത്തവാൻ ചെയ്യേണ്ടതു വിഭവോചിതംദാനം. ഫൻ൦

"ഓരോരോ നവീനമാമുത്തമ പരിഷ്കാരം
പേരോലും വഞ്ചിക്ഷമാദേവിതൻ തിരുമെയ്യിൽ
തൽപ്രിയൻ ചാൎത്തീടട്ടേയിന്നൃപൻ വിശിഷ്ടയാ-
മപ്പട്ടമഹഷിതൻ സ്ഥാനത്തിന്നാക്കും വിധം. ഫൻര

ആർജ്ജവം, ശമം, ദമം, കാരുണ്യം, സമഭാവ-
മീച്ചൊന്ന ഗുണങ്ങളാം ഗുണാകതരുക്കളാൽ
ഇദ്ദേവൻ ചൊരിയട്ടേ നിത്യവും ജയംപൂണ്ടു
വർത്തിക്കും വഞ്ചിക്ഷ്മമേൽ നന്മപ്പൂമലർമാരി. ൧൱൨

ഏതുനാൾ നാരായണൻ ഭൂമിജനരകാന്തം
സാധിച്ചു ദീപാവലി പാരെങ്ങും ജ്വലിപ്പിച്ചു;
അന്നാളിലവതാരമാർന്നൊരീ വിഷ്ണുവംശജൻ
മന്നനുമക്കാര്യമേ സാദ്ധ്യമായ് ഭവിക്കട്ടെ! ൨൦൨

ഓജസ്സും പ്രസാദവും തുല്യമായ് സൂര്യേന്ദുക്കൾ
യോജിച്ചു ഭുവിൻദീപ്തിക്കുതവിച്ചതുപോലെ
രാപ്പകൽഭേദംവെടിഞ്ഞെപ്പൊഴും വിളങ്ങട്ടെ-
യപ്പുമാൻ രഥാംഗവും ചെമ്പോത്തും വാഴ്ത്തുംവണ്ണം.

൨൦൩

സ്വാപദാനത്തിൻ മേന്മകൊണ്ടു തൽപൂൎവ്വന്മാരാം
ഭൂപരെ സ്മൎത്തവ്യരല്ലെന്നാക്കി നിരന്തരം
ചാൎത്തട്ടേ കസ്തൂരിപ്പൊട്ടിന്നൃപൻ തന്നോമന-
ക്കീൎത്തിലക്ഷ്മിതൻ തിങ്കൾക്കീറൊളിത്തുനെററിയിൽ."

൨൫൦

അഗ്രഹാധികപ്രദാനങ്ങളേയോടി മറ്റോരോ
വാക്യത്താൽ ചെയ്യുന്നീല മൂകതാപ്രഖ്യാപനം.
ഭൂതഭാവന! വിഭോ! പോററുക ചിത്രക്ഷോണീ-
നാഥനെയങ്ങേശ്ശക്തിക്കൊപ്പവും,—അതിന്മേലും. ൨൫൨

പ്രാൎത്ഥിക്കാം നമുക്കെല്ലാം പ്രാൎത്ഥിക്കാം ദൈവത്തോടി-
പ്പാൎത്ഥിവപ്രവേകനെപ്പാലിപ്പാൻ പ്രതിക്ഷണം. ൨൫൩

32D.
89402
032:1M77:24
G1

ടിപ്പണി.

൨—൬. ദിങ്നാരിമാർ=ദിക്കുകളാകുന്ന സ്ത്രീകൾ; ദൂരസ്ഥങ്ങളാകുന്ന രാജ്യങ്ങൾ. ഭാരതാംബ=ഭാരതഭൂമിയാകുന്ന മാതാവു്; വന്ദ്യയായ ഭാരതഭൂമി. ഭാരതഭൂമി അന്യദിക്കുകൾക്കു റാണിയാകുന്നു. അന്യരാജ്യങ്ങൾ അർച്ചിക്കുന്ന യശോരൂപങ്ങളായ കുസുമങ്ങൾ പതിക്കുന്നതു ഭാരതഭൂമിയുടെ (അലർ) പൂപോലെ മൃദുലമായ പാദത്തിൽ, അതായതു തിരുവിതാംകൂറിൽ ആകുന്നു. ഭാരതഭൂമിക്കു് അന്യദേശങ്ങളിൽ ലഭിക്കുന്ന കീർത്തി പരിണാമത്തിൽ തിരുവിതാംകൂറിനെ ആശ്രയിച്ചുള്ളതാണെന്നു കാണാം.

൭—൧൦. പുണ്യോർവ്വി=പുണ്യഭൂമി; ഭാരതഭൂമി. ഭാരതഭൂമിയെ ഇവിടെ(ഹസ്തിനി) ഒരു പിടിയാനയായും തിരുവിതാംകൂർ ഉൾപ്പെട്ട അതിന്റെ ദക്ഷിണാഗ്രത്തെ ആ പിടിയാനയുടെ തുമ്പിക്കൈയായും ഉല്ലേഖനം ചെയ്തിരിക്കുന്നു. ഈ തുമ്പിക്കൈകൊണ്ടു് ആ പിടിയാന സമുദ്രജലം കോരി തലയിൽ വീഴ്ത്തുമ്പോൾ എല്ലാ (ക്ഷ്മാഭൃത്തുകൾ) പർവ്വതങ്ങൾക്കും ചക്രവർത്തിയായ ഹിമവാനു് ആ ജലം മുത്തുകൾ പതിച്ചിട്ടുള്ള തലപ്പാവു് അണിയിക്കുന്നു. തുമ്പിക്കൈ മുത്തുകൾ വിളയുന്ന സമുദ്രഭാഗത്തെയാണല്ലോ ചരിഞ്ഞിരിക്കുന്നതു്. ഹിമവാന്റെ മുത്തണിത്തലപ്പാവു് മഞ്ഞു്. സമ്രാട്ടായ ജോർജ്ജുപഞ്ചമനുപോലും തിരുവിതാംകൂർ മേന്മ നൽകുന്നു എന്നു് ധ്വനി.

൧൧—൧൪. പാതാളം തൊടത്തക്കവണ്ണം അത്രതാണുകിടക്കുന്ന സമുദ്രത്തെ ഒരു കൈകൊണ്ടും സ്വർഗ്ഗ

ത്തെ സ്പൃശിക്കുന്ന സഹ്യപവ്വതത്തെ മററൊക്കെക്കൊണ്ടും തിരുവിതാംക്രൂർ തന്റെ ദേഹത്തിൽ ചേത്തണയ്ക്കുന്നു. പടിഞ്ഞാറുവശം സമുദ്രവും കിഴക്കുവശം സഹ്യനുമാണല്ലോ. അമ്മയ്ക്കു് ഉച്ചനീചതപങ്ങൾ ഒന്നുപോലെയാണു്; രണ്ടിലും ഭാവഭേദമില്ല.

൭൯—൭൯. മായാപ്പങ്കം=മായാത്ത അഴുക്കു്. തോലിട്ടൊരുണ്ണി=അനതീതബാല്യനെന്നു പറയാവുന്ന ഒരു ഉണ്ണിനമ്പൂരി; ശ്രീമച്ഛങ്കരാചാൎയ്യർ. കാലടിയിലാണല്ലോ ആചാൎയ്യപാദരുടെ ജനനം; അത്തരത്തിലുള്ള ശക്തി അദ്ദേഹത്തിനു ലഭിച്ചതു പുണ്യവതിയായ അമ്മയുടെ പാദസേവകൊണ്ടും സ്തന്യപാനംകൊണ്ടുമാണു്.

൮൦—൮൨. കാമദേവനു കരിമ്പുവില്ലും, അമ്പുകളിൽവച്ചു മുഖ്യമായ താമരപ്പൂവും, കൊടിയായ മത്സ്യവും മററുദിക്കുകളിലും കിട്ടും. വെന്നി=ജയം. സഹ്യപവ്വതം നൽകുന്ന മന്ദമരുത്താകുന്നു കാമദേവന്റെ രഥം. ആ രഥംകൊണ്ടാകുന്നു അദ്ദേഹം മഹാരഥനായി ദിഗ്ജയം ചെയ്യുന്നതു്. അഗ്ര്യൻ=ശ്രേഷ്ഠൻ.

൮൩—൮൬. മലയാളബ്രാഹ്മണർ പ്രാൎത്ഥിച്ചാൽ തൃക്കാരിയൂർ ക്ഷേത്രത്തിലെത്താമെന്നു കാൎത്തവീൎയ്യാൎജ്ജുനന്റെ (അരാതി) ശത്രുവായ ചിരഞ്ജീവി പരശുരാമൻ വാഗ്ദാനം ചെയ്തിട്ടുണ്ടു്. കാൎത്തവീൎയ്യാൎജ്ജുനൻ സഹസ്രകരനായിരുന്നു. അതുപോലെ സൂൎയ്യനും സഹസ്രകരനാകയാൽ പരശുരാമനിൽ ഭയപ്പെടാൻ ന്യായമുണ്ടു്. അതുകൊണ്ടു തിരുവിതാംക്രൂറിനും സന്താപം (ഊഷ്മാവു് എന്നും വ്യസനം എന്നും) വളൎത്താതെ അദ്ദേഹം ലോകയാത്ര ചെയ്യുന്നു. കാലവൎഷവുംമററുംകൊണ്ടു് ഇവിടെ അന്യദേശങ്ങളിലെന്നപോലെ ഉഷ്ണാധിക്യമില്ലെന്നു സാരം.

൨൯—൩൦. നാകത്തിന്റെ അധീശൻ=ദേവേന്ദ്രൻ. അദ്ദേഹത്തിന്ന ശാപശുദ്ധി ലഭിച്ചതു ശുചീന്ദ്രത്തിലാകുന്നു. ഇവിടെ മഴ അധികമായി പെയ്യുന്നതു സ്വൎഗ്ഗത്തിന്ന് ഈ നാടിനോടുള്ള തന്നിമിത്തമായ കൃതജ്ഞതകൊണ്ടാണെന്ന് ഉല്ലേഖം. കാർനെടുംകണ്ണ്=കറുത്ത (ഇമയോടുകൂടിയ) ദീർഘനേത്രമെന്നും കാർ (മേഘം) ആകുന്ന നെടുങ്കണ്ണെന്നും. കൃതജ്ഞതാപൂർവ്വമുള്ള സ്മരണയിൽ നിന്നുണ്ടാകുന്ന സന്തോഷബാഷ്പമാകുന്നു മഴ. അതു പുൽക്കൊടിയാകുന്ന പുതിയതും തണുത്തതുമായ രോമാഞ്ചം ഭൂമിക്കു നൽകുന്നു. സ്വാൎത്ഥപ്രധാനമായ പ്രപഞ്ചത്തിൽ ഇത്തരത്തിൽ നന്ദിയുള്ളവരും ജീവിക്കുന്നുണ്ടല്ലോ എന്നുള്ള വിചാരം നിമിത്തം.

൩൧—൩൨. വേഴ്ച=സ്നേഹം. സ്നേഹംകൊണ്ടു സഹ്യൻ സമുദ്രത്തിന്നയയ്ക്കുന്ന ഉരുക്കിയ വെള്ളിക്കാശാകുന്ന കാഴ്ചദ്രവ്യമാണ് ഈ നാട്ടിലെ ആറുകളിലെ നിൎമ്മലജലം. തന്റെ കൊട്ടാരത്തോട്ട് അവ വഹിക്കുന്ന പുഴകൾ അടുക്കുമ്പോൾ സമുദ്രരാജാവിന്റെ ആജ്ഞയനുസരിച്ച് അദ്ദേഹത്തിന്റെ മരുമക്കളായ കായലുകൾ സ്ഥായിയോടുകൂടി അല്പം മുമ്പോട്ടുചെന്ന് അവയെ എതിരേൽക്കുന്നു. കുട്ടിത്തരത്തിലുള്ള സമുദ്രങ്ങളാകുന്നു കായലുകൾ.

൩൩—൩൪. പണ്ടു ബ്രഹ്മാവ് വൎക്കലയിൽ ഒരു യാഗം നടത്തി. സരസ്വതീസഹിതനായി അവിടുന്നു ചെയ്ത ആ യാഗത്തിന്ന യജ്ഞേശനായ ശ്രീനാരായണൻ പ്രണയിനിയായ മഹാലക്ഷ്മിയോടുകൂടി വന്നുചേൎന്നു. അപ്പോൾ ആ ദേവികൾക്കു തമ്മിൽ ഒരു സഖ്യം ആവശ്യകമായിത്തീൎന്നു. ആ സഖ്യത്തിന്ന് ഇന്നും ഒരു കുറവു

മില്ല അതായത്തു തിരുവിതാംകൂർ എല്ലാക്കാലത്തുമെന്ന പോലെ ഇന്നും ശ്രീമത്തും വിദ്യാസമ്പന്നവുമെന്നു സാരം.

൩൯—൪൨. ശ്രീ=ലക്ഷ്മി. സ്വസാവ്=സഹോദരി. സ്വർവൃക്ഷങ്ങൾ=അതായത്തു ദേവതരുക്കൾ, മന്ദാരം, പാരിജാതം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം ഇങ്ങനെ അഞ്ചുണ്ടു്. കേരളകല്പവൃക്ഷമായ നാളികേരത്തെ കവി ആരാമത്തെ സ്വർവൃക്ഷമായി സങ്കല്പിക്കുന്നു. ലക്ഷ്മീദേവിക്കു് അപ്പോൾ കേരവൃക്ഷങ്ങൾ ഉടപ്പിറന്നവരാണു്. തിരുവിതാംകൂറിൽ ജൈത്ര (ജേതാവിനെ സംബന്ധിക്കുന്ന) യാത്ര ചെയ്യുന്ന ലക്ഷ്മിക്കു് ഈ ഉടപ്പിറന്നവർ വഴിനീളെ പച്ചക്കുടപിടിച്ചു് ആയാസം തീക്കുന്നതുപോലെ തോന്നുന്നു.

ii

൪൧—൪൦. സർവ്വപ്രജാസ്വാന്തം=എല്ലാ പ്രജകളുടേയും മനസ്സ്. ലോഹം=ഇരുമ്പു്. കാന്തം=മനോഹരമെന്നും അയസ്കാന്തമെന്നും. ആധാരം=അടിത്തട്ടു്. യശസ്സുകൊണ്ടു തിരുവിതാംകൂർ കൈലാസത്തിനു തുല്യമാകുന്നു എന്നാൽ ഈ കൈലാസത്തിന്റെ മൂലത്തിനു രാവണന്റെ ബാഹുവിംശതികൊണ്ടോ മറ്റോ ഒരിക്കലും ഇളക്കമുണ്ടായിട്ടില്ല. ഓജസ്സ്=ഓജസ്സെന്നും ബലമെന്നും. "ഓജോ ദീപ്തൗ ബലേ" എന്നമരം. ഈ രാജ്യത്തിന്റെ തേജസ്സ് (ബലശാലികളായ രാജാക്കന്മാർ ഭരിക്കുകനിമിത്തം) (സനാതനം) എന്നേയ്ക്കും നിലനില്ക്കുന്നതാണു്. യുഗപ്രളയങ്ങളിൽപോലും (സുമേരു) മഹാമേരുവിനു നാശമില്ലെന്നു പൌരാണികന്മാർ.

൨൫—൨൪. കൂടസ്ഥൻ=മൂലപുരുഷൻ. കൂടസ്ഥൻ കലാനിധിയും രാജാവും ഹിമകരനുമാകയാൽ ആ വംശത്തിൽ ജനിച്ച ഈ രാജ്യത്തിലെ രാജാക്കന്മാർ വിദ്വാന്മാരും പ്രകൃതിരഞ്ജകന്മാരും പ്രജകൾക്ക് ഉള്ള കുളിരത്തക്കവണ്ണമുള്ള കരംമാത്രം വാങ്ങിക്കുന്നവരുമാണെന്നു ധ്വനി. നാഹുഷൻ=നഹുഷന്റെ പുത്രൻ; യയാതി. പണ്ടൊരിക്കൽ യയാതിയെ ദേവേന്ദ്രൻ സ്വൎഗ്ഗലോകത്തിലേയ്ക്കു ക്ഷണിച്ചപ്പോൾ ചന്ദ്രവംശജനായ ആ മഹാരാജാവു മറുപടി പറഞ്ഞതു്:—

"നാഹം സ്വൎഗ്ഗം ഗമിഷ്യാമി
സ്വൎഗ്ഗമത്ര കരോമ്യഹം;
തപസാ ചൈവ ഭാവേന
സ്വധൎമ്മേണ മഹീതലം
സ്വൎഗ്ഗരൂപം കരിഷ്യാമി
പ്രസാദാത്തസ്യ ചക്രിണഃ."

എന്നായിരുന്നു ഇതു പത്മപുരാണാന്തൎഗ്ഗതമായ ഒരു പുരാവൃത്തമാണു്. അങ്ങനെ അവരുടെ രാജ്യം സ്വൎഗ്ഗതുല്യമാക്കുവാൻ ശ്രമിക്കുന്നവരാകുന്ന ചന്ദ്രവംശജന്മാരായ രാജാക്കന്മാർ എന്നു താൽപൎയ്യം.

൨൬—൨൭. "ലുമ്പന്തിപൂൎവ്വജാം കീൎത്തിം ജാതാ ജാതാ ഗുണാധികാഃ" എന്ന നിലയിൽ ഈ രാജാക്കന്മാർ ജീവിക്കുകനിമിത്തം ഇവൎക്കു കുലശേഖരപദം കേവലം (രൂഢി) ശബ്ദശക്തിനിഷ്ഠം മാത്രമല്ല; കുലത്തിനു (ശേഖരാ) ശിരോലങ്കാരങ്ങൾ എന്നുള്ള നിലയിലും യോജിക്കുന്നു.

൬൧—൬൨. ക്ഷിതിക്ഷിത്തുകൾ=ഭൂപാലന്മാർ. രവിവൎമ്മകുലശേഖരനെയാകുന്നു ഈ പദ്യത്തിൽ നിർദ്ദേശിക്കുന്നതു്; അദ്ദേഹം ക്രി. പി. ൧൨൬൬-ൽ ജനിച്ചു് കോളംബപുരേശ്വരനായി തന്റെ നാല്പത്താറാമത്തെ വയസ്സിൽ വേഗവതീതീരത്തിൽ വെച്ചു കിരീടധാരണം ചെയ്തു. ഇതു കാഞ്ചീപുരത്തിലെ അരുളാളപ്പെരുമാൾ കോവിലിൽ അദ്ദേഹത്തിന്റെ വകയായി കാണുന്ന ശിലാലേഖനത്തിലെ

"ജിത്വാ സംഗ്രാമധീരോ നൃപതിരധിരണം
വിദ്രാവ്യ വീരപാണ്ഡ്യം
കൃത്വാസൌ പാണ്ഡ്യചോളാൻ നയ ഇവ തന്വമാൻ
കേരളേഭ്യോപ്യധീനാൻ
ഷട് ചത്വാരിംശദബ്ദസ്തടഭുവി മകുടം
ധാരയൻ വേഗവത്യാഃ
ക്രീഡാം സിംഹാസനസ്ഥശ്ചിരമകൃത മഹീ-
കീർത്തിവാണീരമാഭിഃ"

എന്ന പദ്യത്തിൽനിന്നു വെളിവാകുന്നു. വേഗവതി എന്നു വൈകയാറിനും പാലാറിനും പേരുള്ളതായി കാണുന്നു. കീർത്തിയാകുന്ന പാലാറിനെ പാലാറ്റിന്റെ പാർശ്വത്തിൽ സൃഷ്ടിച്ചു; അതുവരെ കീർത്തിപരത്തി എന്നു താൽപര്യം.

൬൫—൬൬. ആങ്ഗലേയന്മാർ=ഇംഗ്ലീഷുകാർ. വൈശ്യർ=കച്ചവടംകൊണ്ടു ജീവിക്കുന്നവരെന്നു് ഇവിടെ അർത്ഥം. അവൎക്കു തിരുവിതാംകൂറുമായി ക്രി. പി. പതിനേഴാംശതകത്തിലും മററും യാതൊരു ക്ഷാത്രവീൎയ്യവും ഇൻഡ്യയിൽ കാണപ്പെട്ടില്ല.

ന൬—൨൦. കുലാദ്രി=കുലപർവ്വതം എന്നും കുല്മാകുന്ന പർവ്വതം എന്നും. മാർത്താണ്ഡന്റെ ഉദയത്തിൽ സാമന്തരാജാക്കന്മാർ അദ്ദേഹത്തിനു കീഴടങ്ങി. സൂര്യനുദിക്കുമ്പോൾ (രാജാവും) ചന്ദ്രനും (ഉഡുക്കളും) നക്ഷത്രങ്ങളും നിഷ്പ്രഭങ്ങളാകുന്നു. സൂര്യനെ ദ്യോവു് (ആകാശം) അവയാകുന്ന മലർവാരിയിട്ടു തൊഴുന്നതിനു തുല്യമായി കവി സങ്കല്പിച്ചിരിക്കുന്നു. ഇവിടെ പരശുരാമഭൂമിയാകുന്ന ദ്യോവു് (സ്വർഗ്ഗതുല്യമായ പരശുരാമഭൂമി) രാജാക്കന്മാരാകുന്ന ഉഡുക്കളെക്കൊണ്ടു് (ലാജ.=മലർ) ആചാരലാജാർച്ചനം ചെയ്തതായി കവി ഉല്ലേഖനം ചെയ്യുന്നു.

൨൧—൨൪. ലന്ത=ഡച്ചുകാർ. അവരെ രാമയ്യൻ ദളവാ കുളച്ചൽയുദ്ധത്തിൽപരാജിതരാക്കി. ആ ലന്തക്കുരുക്കളുടെ അന്തസ്സാരം പിഴിഞ്ഞെടുത്തു് ആ തൈലംകൊണ്ടു തന്റെ തേജസ്സു മാർത്താണ്ഡവർമ്മമഹാരാജാവു് ഉജ്ജ്വലിപ്പിച്ചു. എല്ലാവർക്കും ശരണ്യനാണു് ശാർങ്ഗപാണിയായ ശ്രീപത്മനാഭൻ.

൨൫—൨൮. ലക്ഷ്മീപതിയെങ്കിലും ഭൂമിയിൽ ആഗ്രഹമുള്ള ആളാണു് തന്റെ (ആഗന്തു) അതിഥി, അതായതു തന്റെ രാജധാനിയായ തിരുവനന്തപുരത്തു വന്നു കുടിയിരിക്കുന്ന വിഷ്ണു. അദ്ദേഹം പണ്ടു ബലി (മഹാബലി) യോടു മൂന്നടിത്തറയ്ക്കുവേണ്ടി തന്റെ ആകാരംപോലും ഹ്രസ്വമാക്കി. അത്രാ അനന്തരസംഭവങ്ങളും ഓർമ്മയുള്ള ഈ ബലി (ബലവാൻ) തൽപദത്തിൽ (അദ്ദേഹത്തിന്റെ പാദത്തിൽ) തന്റെ നേട്ടം മുഴുവൻ സമർപ്പിച്ചു. ഗംഗയുടെ ഉത്ഭവസ്ഥാനമാകുന്ന മഹാവിഷ്ണുവിന്റെ പാദം; അതിനാൽ ആ നേട്ടം എങ്ങനെയുള്ളതായിരുന്നാലും അതിനു ശുദ്ധിയും വന്നു.

൬ൻ—൮൬. സ്വസ്രീയൻ=സ്വസാവിൻെറ പുത്രൻ, മരുമകൻ. രാമവൎമ്മമഹാരാജാവ്. ഭാരതീയക്കു ധനമല്ലാതെ വേറെ ധനമില്ല; അതു പുരുഷാൎത്ഥചതുഷ്ടയമാകുന്ന കല്പവൃക്ഷത്തിൻെറ മൂലമാകുന്നു. ആ മൂലത്തിൽ തൻെറ ഭാരത്തെ ന്യാസം ചെയ്തു. നിൎവൃത്തജന്മോദ്ദേശ്യൻ=ചരിതാൎത്ഥൻ.

൬൩—൬൭. മഹിഷാധീശൻ=മഹിഷപുരത്തിന്ന് (മൈസൂരിന്ന്) അധീശൻ; ടിപ്പു. മഹിഷനാകുന്ന രാജാവ്, അതായതു മഹിഷാസുരൻ എന്നും. ദുൎഗ്ഗ=ദുൎഗ്ഗാഭഗവതി; ഗമിക്കുവാൻ (അതിക്രമിക്കുവാൻ) പാടില്ലാത്തതു് എന്നും കൊററക്കുടയാകുന്ന പാലിൻെറ പുകളോടുകൂടി. വെളുത്ത ഗോവൎദ്ധനപൎവതം. ഗോവൎദ്ധനത്തിൻെറ പക്ഷത്തിൽ പശുക്കളുടെ പാലിനു കീൎത്തിപ്പെട്ട എന്നു യോജിപ്പിക്കണം. സകലത്തേയും ഗോവൎദ്ധനം ക്രുദ്ധനായ ശക്രനിൽ നിന്നു രക്ഷിച്ചതുപോലെ ഈ വെൺകൊററക്കുട ടിപ്പുവിൽ നിന്നു രക്ഷിച്ചു.

iii

൬ൻ—ൻർ. ചിത്രാനക്ഷത്രമാകുന്ന ശുക്തികളെ ങ്ങൾക്കു പ്രസാദിച്ചു നൽകിയ ഉത്തമമൌക്തികമാണു് ഞങ്ങളുടെ പൊന്നുതമ്പുരാൻ. ചന്ന വയസ്സിൽ നാട്ടുനടപ്പനുസരിച്ചു് കിരീടധാരണാൎഹനാണു്. ദിവ്യസ്രക്ക്=ദിവ്യമായ (ദേവസംബന്ധി=വാടാത്തതു്) മാല. ഭവൽകണ്ഠം=അങ്ങയുടെ കണ്ഠം. തൽസ്ഥാനം=അതു് എവിടെച്ചെന്നു ചേരണമോ അവിടം.

ൻ൫—൧൦൨. അത്യനൎഘം=ഏററവും വിലമതിക്കുവാൻ പാടില്ലാത്തതു്. യജ്ഞേശനായ ഭഗവാൻ

ശ്രീപതി നിങ്ങൾക്ക് (അനന്തശയനസ്ഥനാകയാൽ) എന്നും അതിഥിയാണ്. യാഗവും അതിഥിപൂജയുമാണല്ലോ ഗൃഹസ്ഥാശ്രമധർമ്മങ്ങളിൽ മുഖ്യം. ഇള=ഭൂമി. രാജാക്കന്മാൎക്കു വിധിച്ചിട്ടുള്ള യാഗം പരാൎത്ഥമായുള്ള സ്വസുഖത്യാഗമാണ്. മുഖ്യമായ ഗൃഹസ്ഥധർമ്മം സത്തുക്കൾക്കു പ്രീതിനൽകുന്നതാണ്. പരാൎദ്ധ്യം=ശ്രേഷ്ഠം. വിവാഹത്തിൻെറ ഫലം (പ്രജോദയം) സന്താനോൽപത്തിയാകുന്നു. വഞ്ചിഭൂമിയും മഹാരാജാവും തമ്മിലുള്ള വിവാഹത്തിൻെറ ഫലം പ്രജകളുടെ (ഉദയം) അഭ്യുദയമാകുന്നു.

൩൩—൩൪. പത്മനാഭസ്വാമിയും ധർമ്മവും ഒന്നുതന്നെ. 'യതോ ധർമ്മസ്തതോജയഃ' എന്നു വ്യാസൻ മഹാഭാരതത്തിൽ. ഹരി (വിഷ്ണു) ധർമ്മമൂൎത്തിയാകുന്നു. വാസ്തവത്തിൽ തിരുവിതാംകൂർമഹാരാജാക്കന്മാൎക്ക് ഒരു കുലദൈവമേയുള്ളു എന്നു സാരം.

൩൫—൩൮. അവന്തിയിലാണ് സാന്ദീപനിമഹർഷി ജീവിച്ചിരുന്നതു്; അവിടെയാണ് ഭഗവാൻ ശ്രീകൃഷ്ണൻ വിദ്യാഭ്യാസം ചെയ്തതു്. വാണിയെ ഭജിക്കുക=വിദ്യാഭ്യാസം ചെയ്യുക. സ്യാനന്ദൂരം=തിരുവനന്തപുരം. മഹിഷപുരം=മൈസൂർ. അസ്മദാചാൎയ്യൻ=ഞങ്ങളുടെ ആചാൎയ്യൻ; ശങ്കരാചാൎയ്യർ. ശാരദാപീഠം ഇന്നും വച്ചു പൂജിക്കുന്നതു മൈസൂർ മഹാരാജ്യത്തിൽ പെട്ട ശൃങ്ഗേരിയിലാകുന്നു. സ്പഷ്ടദൃഷ്ടമാനസൻ=സ്പഷ്ടമായി ദൎശിക്കപ്പെട്ട മാനസസരസ്സോടുകൂടിയവൻ എന്നു മൈസൂർ മഹാരാജാവിന്റെ പക്ഷത്തിൽ; സാക്ഷാൽകൃതാന്തഃകരണൻ എന്നു ജനകമഹാരാജാവിൻെറ പക്ഷത്തിൽ; പ്രത്യഗ്ദൃഷ്ടി എന്നു താൽപൎയ്യം. അൎവ്വാചീനൻ=ഇപ്പോൾ ജീവിച്ചിരിക്കുന്നവൻ.

൩൭൫—൩൩൮. തല്സമാഖ്യൻ=അങ്ങയുടെ (സമാഖ്യ=പേർ) പേരോട്ടുകൂടിയവൻ. രാമവൎമ്മമഹാരാജാവ്. മൈസൂർകാരെ രാജാകേശവദാസൻ യുദ്ധത്തിൽ തോല്പിച്ചു. സച്ഛൂർണ്ണ.=ശ്രേഷ്ഠം.

൩൩൯—൩൪൫. പലദിക്കുകളിൽ പലമാതിരി ജ്ഞാനം ചിതറിക്കിടക്കുന്നു. അവ സരസ്വതിയുടെ വരങ്ങളാകുന്ന മുത്തുകളാണ്. അവയെ അവിടുന്നു വിദേശസഞ്ചാരംകൊണ്ടും മററും ഒന്നിച്ചുചേൎത്തു കഴുത്തിൽ ഒരിഴയുള്ള മുത്തുമാലയായി അണിയുന്നു. അതായതു് ആ ജ്ഞാനം പ്രയോഗയോഗ്യമായിത്തീരത്തക്കനിലയിൽ ഗ്രഹിച്ചിരിക്കുന്നു.

൩൪൬—൩൫൦. മനസ്വിനി=സ്വതന്ത്രഹൃദയ. തന്റെ അപദാനങ്ങളെക്കൊണ്ടു മാതൃഭൂമിയായ കേരളത്തിന് ആനന്ദപുളകം വായ്പിക്കുന്നു. ഭാരതീയസ്ത്രീകളുടെ കുശലത്തിനുവേണ്ട ഉപായങ്ങളെ പ്രത്യഹം സിദ്ധമായുപദേശിക്കുന്നു. ധീര=വിദുഷി എന്നും ധൈൎയ്യശാലിനി എന്നും. സംസ്കാരപൂതം=പരിഷ്കാരത്താൽ ശുദ്ധം. വിശദം=വെളുത്തതു്. വിശങ്കടം=വിസ്തീൎണ്ണം. വിബുധവ്രജം=വിദ്വൽസമൂഹമെന്നും ദേവസമൂഹമെന്നും. എങ്ങനെ പാല്ക്കടലിൽനിന്നു ലോകഹിതത്തിനായി പണ്ടു ദേവന്മാർ പല സമ്പത്തുകളേയും കാംക്ഷിച്ചുവോ അതുപോലെ ഈ ഹൃദയത്തിൽ നിന്നു പല ഉൽകൃഷ്ട ചിന്താസന്താനങ്ങളേയും വിദ്വാന്മാർ ലോകത്തിന്റെ ഇന്നത്തെ ഹിതത്തിനുവേണ്ടി കാംക്ഷിക്കുന്നു.

൩൫൧—൩൫൪. സാരസനാഭാംഘ്രി=പത്മനാഭന്റെ പാദം. ഈ കിരീടം മാൎത്താണ്ഡവൎമ്മമഹാരാജാവു് അതിൽ അൎപ്പിച്ച ഒരു പൂവാകയാൽ അശ്ലൂ ശിര

സ്സിലണിയുമ്പോൾ തിരുവിതാംകൂർ മഹാരാജാക്കന്മാൎക്ക് അത്ര ഭാരമുള്ളതായി തോന്നുകയില്ല. ആവൎജ്ജിക്കുക= വശീകരിക്കുക.

൧൩൯ — ൧൪൦. അവിടുത്തെയ്ക്കു മംഗലാഭിഷേകാ പ്രജകൾ നാട്ടേങ്ങും ഇതിനു മുമ്പുതന്നെ ഹൎഷാശ്രുവം കുന്ന ഗംഗാജലംകൊണ്ടു ചെയ്തുകഴിഞ്ഞിരിക്കുന്നു. മഘവാവ്=ദേവേന്ദ്രൻ. പൂൺപ്=ആഭരണം.

൧൪൦—൧൪൧. പ്രവേകൻ=ശ്രേഷ്ഠൻ. ഏകോദരർ= ഒരേ അമ്മയുടെ (വഞ്ചിഭൂമിയുടെ) വയററിൽ ജനിച്ചവർ. തന്തു=ചരട്. വാസന=മണമെന്നു പുഷ്പത്തിൻെറ പക്ഷത്തിൽ. ആവാസങ്ങൾ=ഇരിപ്പിടങ്ങൾ.

൧൪൧—൧൪൨. ചൈത്രൻ=വസന്തം. ചിത്രയിങ്കൽ ഭവിച്ചതു ചൈത്രം. ഇവിടെ ചിത്തിരതിരുനാൾ മഹാരാജാവെന്നു താൽപര്യം. ഈ ശബ്ദം സംസ്കൃതത്തിൽ പുല്ലിംഗമാണു്. താരാൎമണം=പൂവിന്റെ വിശിഷ്ടമായ മണം. ഉൾപൂവു വിടരുന്നു=വസന്തം പുഷ്പകാലമാണല്ലോ. ആശകൾ ജനങ്ങൾക്കു വൎദ്ധിക്കുന്നു. കാർവണ്ടുകൾ=ഇവിടെ അധഃസ്ഥിതസമുദായത്തിൽ പെട്ടവരെന്നു ധ്വനി; അവരും യഥാശക്തി സ്വൎണ്ണാഭരണങ്ങളുംമററും അണിഞ്ഞു് ആനന്ദത്തോടുകൂടി ആടിപ്പാടിസ്സഞ്ചരിക്കുന്നു. പ്രകൃതിപ്രതീക്ഷകൾ=പ്രകൃതിയുടെ പ്രതീക്ഷകളെന്നും പ്രജകളുടെ പ്രതീക്ഷകളെന്നും. കുയിൽശബ്ദംകൊണ്ടു ഇവിടെ സൽകവികളെ വിവക്ഷിക്കുന്നു. ജനങ്ങളുടെ തപസ്സിൻെറ (പരീപാകം=പരിപാകം) ഫലമാണു് ഇതു്. നാം ഈ കണികണ്ടതിൻെറ മഹാഫലമായി ഭാഗ്യലക്ഷ്മി നമ്മെ തന്നെത്താൻ വന്നു്

ആലിംഗനം ചെയ്യും. ചൈത്രത്തിന്റെ ആരംഭത്തിലാണല്ലോ വിഷു.

൪൩൮ — ൪൪൦ കല്യാണധാമാവ്=മംഗലമായതേജസ്സോടുകൂടിയവൻ. പ്രമാർജ്ജിക്കുക=കഴുകുക. രാജ്യാഭിഷേകജലം സ്വാത്ഥത്തെ പ്രമാർജ്ജിക്കുന്നു എന്നുവച്ചാൽ സ്വാപഭോഗത്തെ രാജാവു് അഭിഷിക്തനാകുന്ന നിമിഷം മുതൽ ത്യജിക്കുന്നു എന്നത്ഥം.

"താവൽ സുഖം ഭൂപതിഭി-
ർഭോഗജം പ്രാപ്യതേ നൃപ!
അഭിഷേകം ജലം മൂർദ്ധ്നി
യാവന്ന വിനിപാത്യതേ."

എന്നു മാൎക്കണ്ഡേയപുരാണം. മാവേലിതൻനാട്=തിരുവിതാംകൂർ. മാവേലി (മഹാബലിയുടെ) നാട്ടിൽ മഹാബലിയുടെ മുത്തച്ഛനായ ഈ പ്രഹ്ലാദൻ (പരമഭാഗവതന്മാരിൽ അഗ്രഗണ്യൻ) ലോകഹിതാനുഷ്ഠാനത്തിനായി ജീവിക്കുന്നു. സ്വഭൂപ്രിയൻ=തന്റെ ഭൂമിയുടെ ഭത്താവെന്നും സ്വഭൂവിനു (മഹാവിഷ്ണുവിനു) പ്രിയനെന്നും.

൪൪൧ — ൪൪൫. സാധുക്കൾ=അനന്യശരണർ. അവരുടെ ഹൃദയങ്ങളാകുന്ന ക്ഷേത്രങ്ങൾ. അൻപതുലക്ഷത്തിൽ പരം ജനങ്ങളാകുന്നു ഇപ്പോൾ തിരുവിതാംകൂറിലുള്ളതു്. മഹാവിഷ്ണു സർവാന്തര്യാമിയാകയാൽ ഈ ക്ഷേത്രങ്ങളിൽ അവിടത്തെ സന്നിധാനത്തിൽത്തന്നെയാകുന്നു മഹാരാജാവു തിരുമനസ്സിലെ വിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്. ഞങ്ങളുടെ ആശാങ്കുരം ചിത്തത്തിൽ നിന്നു ജനിച്ചതാണു്. (ചിത്രത്തിൽ അതായതു

ചിത്രോത്ഭവനായ തമ്പുരാനിൽ എന്നും). അധിഷ്ഠാതാവ്=അധ്യക്ഷൻ. ഈ ചിത്രോത്ഭവന്ന് ദീൎഘായുസ്സ് നൽകേണ്ടതു് അവിടുന്നാണു്. ഈ ചിത്രത്തിനു പ്രാണപ്രതിഷ്ഠ ചെയ്യേണ്ടതു് അവിടുന്നാണെന്നും. അവിടുത്തേയ്ക്കു മഹാരാജാവിനാൽ ദത്തമാകയാൽ ഇതു് അവിടുത്തെ വഞ്ചിയാകുന്നു. നിയന്താവ്=അമരക്കാരൻ.

൭൯൱—൭൱൦. സ്വാമി എങ്ങനെ ഭക്തനായ ദാസനോടു പെരുമാറണം എന്നുപദേശിക്കാൻ ഞങ്ങളിൽ ആരാണു് അധികാരി? ഞങ്ങൾ കാലദേശങ്ങളുടെ പരിധിയിൽ പെട്ടവരാണു്; അവിടുന്നു് ആ ഉപാധികളെല്ലാം കടന്നവനാണു്. ആയുരാരോഗ്യൈശ്വൎയ്യാദി സാധാരണ ശബ്ദങ്ങൾകൊണ്ടൊന്നും ഞങ്ങൾക്കു ഞങ്ങളുടെ ആശയെ വേണ്ടപോലെ പ്രതിഫലിപ്പിക്കുവാൻ സാധിക്കുന്നതല്ല. ഒരു നിമിഷത്തിൽ ഞങ്ങൾ എന്തു നേൎന്നാലും അടുത്ത നിമിഷത്തിൽ ആ നേൎച്ചയൊന്നും പോരെന്നു തോന്നുന്നു. അവിടുന്നു കരുണക്കടലാണു്. ആ കടലിൽ എന്തെല്ലാം രത്നങ്ങളുണ്ടെന്നു ലക്ഷ്മീഭഗവതിപോലും അറിയുന്നില്ല. ഭാൎയ്യമാൎക്കാണല്ലോ സാധാരണമായി ഒരു ഗൃഹത്തിലുള്ള രത്നങ്ങളെയും മററും പററി നിശ്ചയമുണ്ടാകുക. വിഭവം=ധനം.

൭൱൭—൭൱൪. പരിഷ്കാരം=അലങ്കാരമെന്നുകൂടി അൎത്ഥം.

൭൱൫—൭൱൬. ആൎജ്ജവം മുതലായ ഗുണങ്ങളെ ഹൃദയത്തിൽ നിൽക്കുന്ന അഞ്ചു ദേവതരുക്കളായി ഉല്ലേഖനം ചെയ്തു് അവയിൽ നിന്നു ലോകത്തിനുണ്ടാകുന്ന നന്മയെ പുഷ്പവൃഷ്ടിയായി വൎണ്ണിച്ചിരിക്കുന്നു. ആരെങ്കി

വും ജയിക്കുന്ന സന്ദർഭത്തിൽ ദേവന്മാർ പുഷ്പവർഷം ചെയ്യുന്നതു സാധാരണമാണ്. ദേവൻ=രാജാവെന്നും അർത്ഥം.

൭൯—൨ ൦൨ ഭൂമിജനരകാന്തം=ഭൂമിയുടെ പുത്രനായ നരകാസുരൻെറ അന്തമെന്നും, ഭൂമിയിൽ ജനിക്കുന്ന നരകങ്ങളുടെ (ദാരിദ്ര്യം, വ്യാധി, അജ്ഞാനം മുതലായവയുടെ) അവസാനമെന്നും. ദീപാവലിദിവസത്തിലാണ് തിരുമനസ്സിലെ അവതാരം. അന്നാണ് നരകാസുരനെ ശ്രീകൃഷ്ണൻ നിഗ്രഹിക്കുന്നതു്. ആ സന്തോഷത്തിൻെറ സൂചകമാണ് ഇന്നും ഹിന്ദുക്കൾ ദീപാവലി ആഘോഷിക്കുന്നതു്.

൨൦൭—൨൦൩. ഈ മഹാരാജാവ് ഓജസ്സും പ്രസാദവും തുല്യമായി സമ്മേളിച്ച് സൂര്യചന്ദ്രന്മാർ ഒന്നിച്ചുചേൎന്ന് അവതരിച്ചതുപോലെ പകലും രാത്രിയും ഭൂമിക്ക് ഒന്നുപോലെ പ്രകാശം നൽകി (രഥാംഗം) ചക്രവാകപക്ഷിയും (ചെമ്പോത്തു്) ചകോരപക്ഷിയും പ്രശംസിക്കത്തക്ക നിലയിൽ പരിലസിക്കട്ടെ. ചക്രവാകം സൂര്യനേയും ചകോരം ചന്ദ്രനേയുമേ പ്രശംസിക്കൂ. അജാതശത്രുവായി സർവ്വജനരഞ്ജകനായി ജീവിക്കട്ടെ എന്നു താൽപര്യം.

൨൦—൨൭. സ്വാപദാനം=തൻെറ വിശിഷ്ടകർമ്മം. പൂർവ്വന്മാരായ രാജാക്കന്മാരെ മറക്കത്തക്ക നിലയിലുള്ള ഉൽകൃഷ്ടകർമ്മങ്ങൾ ചെയ്യട്ടെ. അതു് അപയശസ്സെന്നു ദൃഷ്ടമാത്രത്തിൽ തോന്നാം; അതാണ് അതിനെ കൃഷ്ണവർണ്ണമായ കസ്തൂരിപ്പൊട്ടായി വർണ്ണിക്കുന്നതു്. വാസ്തവത്തിൽ കസ്തൂരീതിലകം എങ്ങനെനായി

കയുടെ ഫാലത്തിന്നലങ്കാരമായി പരിണമിക്കുന്നുവോ അതുപോലെ ഈ പ്രവൃത്തി അവിടുത്തെ കീൎത്തിയുടെ സുഷമയെ വൎദ്ധിപ്പിക്കുകയേ ഉള്ളു. കീൎത്തി ലക്ഷ്മിയുടെ നെററി തിങ്കൾക്കീറിന്നു് ഒത്തതാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ആഗ്രഹിക്കുന്നതിലധികം അങ്ങു തരും. അത്തരത്തിലുള്ള ഒരാളോടു് ഇത്തരത്തിലുള്ള അഭ്യൎത്ഥനകൾ കേവലം വക്താവിൻെറ മൂകത്വത്തെ പ്രഖ്യാപനം ചെയ്യുന്നതിനുമാത്രമേ പ്രയോജകീഭവിക്കയുള്ളു. ഭൂതഭാവനൻ=സകല ചരാചരങ്ങളുടേയും ജനയിതാവു്. വിഭു=സൎവ്വവ്യാപി.

B. V. Printing Works,—Trivandrum.

29 JUL 1964